**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 560** | **27/02/2018-ൽ മറുപടിയ്ക്ക്**

## അപ്പെക്സ് സഹകരണ സംഘങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | അപ്പെക്സ് സഹകരണ സംഘങ്ങൾ (എ) നേരിടുന്ന പ്രതിസന്ധികൾ ഏതെല്ലാമാണ്; അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സംഘങ്ങളുടെ പ്രശ്നങ്ങൾ വിഭിന്നമാണ്. വായ്പാ മേഖലയിലെ സംഘങ്ങൾക്ക് വർദ്ധിച്ചുവരുന്ന വായ്പാ കടിശ്ശികയും, കുറഞ്ഞുവരുന്ന സി.ഡി. റേഷ്യോയും മുഖ്യ വെല്ലുവിളികളാണ്. വായ്പ ഇതര മേഖലയിൽ മൂലധന അപര്യാപ്തത, പ്രവർത്തന മൂലധനത്തിലെ അപര്യാപ്തത, പ്രവർത്തനവൈകല്യങ്ങൾ, മെച്ചപ്പെട്ട മാനേജ്മെന്റ് വൈദഗ്ധ്യത്തിന്റെ അഭാവം, കമ്പോളത്തിൽ നിന്നുള്ള വെല്ലുവിളി, വർദ്ധിച്ച സഞ്ചിത നഷ്ടം എന്നിവ പ്രധാന പ്രശ്നങ്ങളാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയാത്തതും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉപയോഗപ്പെടുത്താൻ കഴിയാത്തതും പ്രാധാന പ്രതിസന്ധികളാണ്. ഓരോ സ്ഥാപനത്തിന്റേയും പ്രശ്നങ്ങൾ പ്രത്യേകം പഠിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ച വരുന്നു. |
| (ബി) | വായ്പാമേഖലയിൽ പ്രവർത്തിക്കുന്ന (ബി) സംസ്ഥാന സഹകരണബാങ്ക്, കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്, ഹൗസ് ഫെഡ് എന്നിവ നേരിടുന്ന വായ്പാകടിശ്ശിക പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | **<u>സംസ്ഥാന സഹകരണ ബാങ്ക്</u>**<br>"കോ-ബാങ്ക് സാന്ത്വനം" എന്ന പേരിൽ ഒരു പ്രത്യേക കടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. "നവകേരളീയം കടിശ്ശിക നിവാരണം 2018" നടപ്പിലാക്കിയിട്ടുണ്ട്. ആർബിട്രേഷൻ കേസുകൾ സമയ ബന്ധിതമായി ഫയൽ ചെയ്യുന്നു. Sarfaesi Act പ്രകാരം റിക്കവറി നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നു.<br><br>**<u>കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്</u>**<br>"നവകേരളീയം കടിശ്ശിക നിവാരണം 2018" നടപ്പിലാക്കിയിട്ടുണ്ട്. വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിക്കുന്നതിനായി "Good Pay Master Scheme" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| | | ടി പദ്ധതിയ്ക്ക് 30.06.2018 വരെ കാലാവധിയുള്ളതാണ്. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ജൂൺ മാസത്തെ റിക്കവറി നിലവാരത്തിന്റെ അടിസ്ഥാനത്തിൽ കളക്ഷൻ ഇൻസന്റീവ് (പരമാവധി 128500) നൽകുന്നു.<br><br>പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ സേവനം നടത്തുന്ന സെയിൽ ആഫീസർമാരുടെ ആകെ കോസ്റ്റിന്റെ 50% കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് വഹിക്കുന്നു.<br><br>**<u>ഹൗസ് ഫെഡ്</u>**<br>ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് മേഖല അടിസ്ഥാനത്തിൽ 4 സെയിൽ ആഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കടിശ്ശിക വായ്പാ തിരിച്ചടവിന് റിക്കവറി വിഭാഗം വേണ്ടത്ര ശ്രദ്ധ പുലർത്തുന്നുണ്ട്. പിഴപ്പലിശ ഇളവു നൽകിക്കൊണ്ട് കടിശ്ശിക തുക അടയ്ക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | അപ്പെക്സ് സഹകരണ സംഘങ്ങൾ (സി) സർക്കാരിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അടയ്ക്കേണ്ട ഫീസുകളിലും, നികുതിയിലും കുറവുവരുത്തണമെന്ന ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ടോ; | നികുതി ഒഴിവാക്കുക, രജിസ്ട്രേഷൻ ഫീ ഒഴിവാക്കുക, ഗ്യാരന്റി കമ്മീഷൻ ഇളവ് ചെയ്യുക എന്നീ ആവശ്യം ഉന്നയിച്ചുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | അപ്പെക്സ് സഹകരണസംഘങ്ങളുടെ (ഡി) മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും, ഫണ്ട് വിനിയോഗം കുറ്റമറ്റതാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഭരണ സമിതി അംഗങ്ങൾക്കും കാര്യക്ഷമമായ തീവ്രപരിശീലന പരിപാടികൾ (ഐ.സി.എം ന്റെ കീഴിൽ ഉൾപ്പെടെ) യഥാസമയം സംഘടിപ്പിച്ചും, കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയും ഉൽപ്പാദന രംഗത്ത് കഴിവും യോഗ്യതയുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയും ഇന്റേണൽ ഇൻസ്പെക്ഷൻ സംവിധാനം ഏർപ്പെടുത്തിയും ഇൻവെസ്റ്റ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് ഫണ്ട് വിനിയോഗം സംബന്ധിച്ച് നിരന്തര അവലോകനങ്ങൾ നടത്തിയും, അംഗ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സെൽ രൂപീകരിച്ചും, ഫണ്ട് വിനിയോഗം ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ നടത്തുക വഴിയും മാനേജ്മെന്റ് കാര്യക്ഷമമായി നടത്തുന്നതിനും കുറ്റമറ്റ ഫണ്ട് വിനിയോഗം സാധ്യമാക്കുന്നതിനും കഴിയുന്നു. |

| | | |
|---|---|---|
| (ഇ) | വിവിധ അപ്പെക്സ് സംഘങ്ങളുടെ കീഴിലുള്ള (ഇ) അംഗസംഘങ്ങൾ നിലവിൽ എത്ര ശതമാനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | **സംസ്ഥാന സഹകരണ ബാങ്ക്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 1%<br>**കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 52%<br>**ഹൗസ് ഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 90%<br>**കൺസ്യൂമർ ഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 100%<br>**റബ്ബർ മാർക്ക്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 92.59%<br>**മാർക്കറ്റ് ഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 98.3%<br>**ഹോസ്പിറ്റൽ ഫെഡറേഷൻ**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 21%<br>**എസ്.സി/എസ്.റ്റി ഫെഡറേഷൻ**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 95%<br>**ടൂർഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 45%<br>**വനിതാഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 30%<br>**ലേബർഫെഡ്**<br>നഷ്ടത്തിൽ പ്രവർത്തിക്കുന്നവ - 80% |

**സെക്ഷൻ ഓഫീസർ**